## റിപ്പോർട്ടുകളുടെ സമർപ്പണം

1. 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ റിപ്പോർട്ട്

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

2. കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി X -ന്റെ റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X -ന്റെ അദ്ധ്യക്ഷനായ ഞാൻ കേരളത്തിലെ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിയഞ്ച് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയഞ്ച് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 4. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമതും ഒൻപതാമതും റിപ്പോർട്ടുകൾ

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമതും ഒൻപതാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 5. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 6. ഹർജികൾ സംബന്ധിച്ച സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 7. സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും

ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ചെയർമാൻ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.